## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4218** **28-06-2024 - ൽ മറുപടിയ്ക്ക്**

## കരമന- കളിയിക്കാവിള റോഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കരമന-കളിയിക്കാവിള റോഡിൽ കൊടിനട മുതൽ വഴിമുക്ക് വരെയുള്ള റോഡ് നിർമ്മാണത്തിന് സ്ഥലം നൽകിയവർക്ക് ബാക്കിവരുന്ന അര സെന്റ്, ഒരു സെന്റ്, രണ്ട് സെന്റ്, മൂന്ന് സെന്റ് സ്ഥലത്ത് കടകളോ വീടുകളോ നിർമ്മിക്കുവാൻ ചട്ടങ്ങളിൽ ഇളവു നൽകിക്കൊണ്ട് എന്തെങ്കിലും നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) | അത്തരത്തിൽ ചട്ടങ്ങളിൽ ഇളവ് നൽകിക്കൊണ്ട് നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ല.2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ/കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം (അദ്ധ്യായം X ) റോഡ് വികസനത്തിന് ഭൂമിയുടെ ഭാഗം സൗജന്യമായി വിട്ടുകൊടുത്ത പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്ക് ചില ഇളവുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. കരമന-കളിയിക്കാവിള റോഡിൽ കൊടിനട മുതൽ വഴിമുക്ക് വരെയുള്ള റോഡ് നിർമ്മാണത്തിന് സ്ഥലം വിട്ടു നൽകിയത് സൗജന്യമായിട്ടല്ല. ഇപ്രകാരം സൗജന്യമായല്ലാതെ ഭൂമിയുടെ ഭാഗം റോഡ് നിർമ്മാണത്തിന് വിട്ടുനൽകിയവർക്ക് ഇളവു നൽകുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല |
| (ബി) | ഇല്ലെങ്കിൽ അതിനുള്ള മേൽ നടപടികൾ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | അത്തരത്തിൽ ചട്ടങ്ങളിൽ ഇളവ് നൽകിക്കൊണ്ട് നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടില്ല.2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ/കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം (അദ്ധ്യായം X ) റോഡ് വികസനത്തിന് ഭൂമിയുടെ ഭാഗം സൗജന്യമായി വിട്ടുകൊടുത്ത പ്ലോട്ടുകളിലെ നിർമ്മാണങ്ങൾക്ക് ചില ഇളവുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. കരമന-കളിയിക്കാവിള റോഡിൽ കൊടിനട മുതൽ വഴിമുക്ക് വരെയുള്ള റോഡ് നിർമ്മാണത്തിന് സ്ഥലം വിട്ടു നൽകിയത് സൗജന്യമായിട്ടല്ല. ഇപ്രകാരം സൗജന്യമായല്ലാതെ ഭൂമിയുടെ ഭാഗം റോഡ് നിർമ്മാണത്തിന് വിട്ടുനൽകിയവർക്ക് ഇളവു നൽകുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല |

സെക്ഷൻ ഓഫീസർ